# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2895** 07.12.2018 -ലെ മറുപടി

### നദികളുടെ തിട്ട ഇടിയുന്നതു മൂലം വീടുകൾക്ക് കേടുപാടുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സജി ചെറിയാൻ | | **കെ.കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രധാന നദികളുടെ തിട്ടകൾ ഇടിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രധാന പല നദീതീരങ്ങളും ഇടിഞ്ഞ് ധാരാളം വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പമ്പാനദിയുടേയും മറ്റു നദികളുടേയും തീരങ്ങൾ ഇടിയുന്നതു മൂലം വീടുകൾക്ക് സംഭവിക്കുന്ന നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിന് സംരക്ഷണഭിത്തി കെട്ടുന്നതിനായി, നാശനഷ്ടങ്ങൾക്കിരയായവർ സമർപ്പിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ? | (സി) | നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സംരക്ഷണഭിത്തി കെട്ടുന്നതിനായി ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ കേരളത്തിലൊട്ടാകെ ജലസേചന വകുപ്പിന്റെ പ്രളയാനന്തര പ്രവർത്തനങ്ങൾക്കായി 1068 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ഇതിൽ ചെങ്ങന്നൂർ മണ്ഡലത്തിലെ പ്രവൃത്തികളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയിനത്തിൽ റീ അപ്രോപ്രിയേഷൻ മുഖാന്തിരം ഫ്ലഡ് കൺട്രോൾ ഹെഡിൽ അനുവദിക്കുന്ന തുകയിൽ ഉൾപ്പെടുത്താനായി ചെങ്ങന്നൂർ മണ്ഡലത്തിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**